
⇨ പഠനത്തിൽനിന്നും ഷഡ്‌രസങ്ങളെ എടുത്തു മാറ്റി അതിൽ മധുരം മാത്രം ചേർക്കാൻ കഴിയുമോ? ⇨




കേരളീയം ടോട്ടോ–ചാൻ ലക്കത്തിനോടുള്ള (2013 ഒക്ടോബർ) പ്രതികരണങ്ങൾ

# കണ്ണീരുപ്പുപുരട്ടാതെന്തിന് ജീവിതപലഹാരം

യാഥാർത്ഥ്യങ്ങളുടെ പല പുറങ്ങൾ നോക്കിക്കാണാതെയുള്ള ഒരു പകൽക്കിനാവ് നിർമ്മാണം ടോടോചാൻ ആസ്വാദനങ്ങളിൽ നേർത്ത നിലാവലപോലെ മൂടിനില്ക്കുന്നുണ്ടോ? പഠനം പാൽപ്പായസ'മാണോ? ടോട്ടോ–ചാൻ വായനയിൽ വന്ന ചില അപകടങ്ങളെ ചൂണ്ടിക്കാണിക്കുന്നു

**വി. അശോക്കുമാർ**

**തീർച്ചയായും** ആധുനിക വിദ്യാലയം നിശിതമായി വിമർശനം അർഹിക്കുന്നു. ആധുനിക വിദ്യാലയം തരുന്ന മടുപ്പും മനുഷ്യത്വരാഹിത്യവും ജടത്വവും നമ്മെ ഒട്ടൊന്നുമല്ല തളർത്തുന്നത്. സ്കൂൾ ഒരു ജയിൽ പോലെയോ ഫാക്ടറി പോലെയോ ആണെന്നതിനും തർക്കമില്ല. മനുഷ്യനിലുള്ള സ്വാഭാവിക അന്വേഷണ തൃഷ്ണയെ, അറിയുന്നതിലുള്ള ആനന്ദത്തെ വിദ്യാലയം വഴിമുടക്കിനിർത്തുന്നു എന്നതും ശരിയാണ്. ആധുനികവിദ്യാലയത്തിന്റെ ഈ കയ്പ്പിൽനിന്നും ഇരുട്ടിൽനിന്നും രക്ഷപ്പെട്ട്, മധുരവും വെളിച്ചവും മാത്രമുള്ള ഒരു വിദ്യാഭ്യാസവും വിദ്യാലയവും സ്വപ്നത്തിൽ നെയ്തെടുക്കുന്നതാണോ ടോടോചാനെ ചുറ്റിപ്പറ്റിയുള്ള നമ്മുടെ കൊതികൾ? ഇടശ്ശേരി എഴുതിയതാണ് അപ്പോൾ ഓർത്തുപോകുന്നത്: 'ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാതെന്തിനു ജീവിതപലഹാരം.' യാഥാർത്ഥ്യങ്ങളുടെ പല പുറങ്ങൾ നോക്കിക്കാണാതെയുള്ള ഒരു പകൽക്കിനാവ് നിർമ്മാണം ടോടോചാൻ ആസ്വാദനങ്ങളിൽ നേർത്ത നിലാവലപോലെ മൂടിനില്ക്കുന്നുണ്ടോ?

ചോദ്യം ചെയ്യപ്പെടേണ്ടത് ഇതാണ്; 'പഠനം പാൽപ്പായസ'മാണോ? കണ്ണീരിന്റെ ഉപ്പ് ഏതു പഠനത്തിന്റെയും സർവവ്യാപിയായ സ്വാദാണ്. പഠനത്തിൽനിന്നും ഷഡ്‌രസങ്ങളെ എടുത്തു മാറ്റി അതിൽ മധുരം മാത്രം ചേർക്കാൻ കഴിയുമോ? പഠിതാവ് ഏറ്റെടുക്കുന്ന സ്വന്തം കുരിശുകൂടിയാണ് പഠനം. മണലിൽ ആദ്യാക്ഷരം എഴുതുമ്പോൾ മൃദുവായ കൈവിരലുകൾ നൊന്തു കണ്ണീർ പോടിഞ്ഞേക്കാം. അഭ്യാസത്തിന്റെ ക്ലേശങ്ങളെ വിദ്യാഭ്യാസത്തിൽനിന്നെടുത്തു മാറ്റിയാൽ അലസന്മാരുടെയും ഉത്തരവാദിത്വമില്ലാത്തവരുടെയും അവിവേകികളുടെയും സമൂഹമാകാം പിറക്കുന്നത്. ഇത്തരക്കാർ കൈ നനയാതെ മീൻ പിടിക്കുന്നവരാകാം. മാല പൊട്ടിച്ചും മലയിടിച്ചും വിഷമരുന്നുകൾ കുറിച്ചുകൊടുത്തും ജീവിതത്തെ തന്നെ പാൽപ്പായസമാക്കി കുടിച്ചുകൊണ്ടിരിക്കുകയാണവർ.

ഏതുവിദ്യയും വശത്താക്കുന്നതിന് നോവ് മുന്നുപാധിയാണ്. വീഴാതെ നടക്കാൻ പറ്റില്ല. പഠനത്തിൽനിന്ന് ക്ലേശത്തെ ഒഴിവാക്കിയാൽ നീന്തൽ പഠിച്ചതിന്റെ സർട്ടിഫിക്കറ്റ് കൈയിലുണ്ടെങ്കിലും നീന്തലറിയാത്തവനെപ്പോലെയാകും നമ്മൾ. അപ്പോൾ ആത്മവഞ്ചന ശീലമാക്കിയ ഒരു സമൂഹം വക്രബുദ്ധികളാ

യി പരസ്പരം കബളിപ്പിച്ചു കഴിയുന്നു.

'പഠനം പാൽപ്പായസം' എന്ന വിദ്യാഭ്യാസനയം 1990 കളിൽ കരഘോഷത്തോടെ നമ്മുടെ നാട്ടിലെ എല്ലാ വിദ്യാലയങ്ങളിലേക്കും ആനയിക്കപ്പെടുന്നുണ്ട്. ആധുനിക അണുകുടുംബസന്താനങ്ങളെ ലാളിച്ചു വഷളാക്കാൻ ഭരണകൂടം സജ്ജമായതിന്റെ തെളിവാണിത്. കുട്ടികളെ വളർത്തുന്നതിലുള്ള അവസാനത്തെ സ്വാശ്രയത്വവും രക്ഷിതാക്കളിൽ നിന്നും അതോടെ ഭരണകൂടം തട്ടിയെടുക്കുന്നു.

ശിക്ഷിക്കാനുള്ള അധികാരം സ്റ്റേറ്റിന് മാത്രമേയുള്ളൂ; രക്ഷിതാക്കൾക്കില്ല. അതുപോലെ സ്റ്റേറ്റിന്റെ ലാളനാകേന്ദ്രങ്ങളാണ് ആധുനികവിദ്യാലയങ്ങൾ. വിദ്യാഭ്യാസത്തിലെ പ്രാദേശിക വൈവിധ്യങ്ങളും പരമ്പരാഗത ചിട്ടകളും മായ്ച്ചുകളഞ്ഞ് ഒരു ആഗോള വിദ്യാർത്ഥിയെ സൃഷ്ടിക്കുന്നത് 1990 കളിൽ ഇറക്കുമതി ചെയ്യപ്പെട്ട വിദ്യാഭ്യാസ നയ/ദർശനങ്ങൾ കൊണ്ടാണ്. ഈ ഘട്ടത്തിലാണ് പാഠ്യ പദ്ധതി തന്നെ ദേശീയമാക്കുന്നത്. (പ്രോജക്റ്റ് കേന്ദ്രത്തിന്റെതാണ്). അതുകൊണ്ട് 'നാഷണൽ കരിക്കുലം ഫ്രെയിം വർക്കി'നെ നാം ഭക്തിയോടെ വണങ്ങണമെന്ന് ഇപ്പോഴും പറയുന്നത് 'പഠനം പാൽപ്പായസക്കാർ' ആണ്. വിദ്യാഭ്യാസത്തിലെ ആഗോളീകരണത്തിന്റെ ചരിത്രത്തിൽ ഇപ്പോൾ മാത്രമാണ് സ്വന്തം ആയുധങ്ങളുമായി ആഗോളമൂലധന ശക്തികൾക്ക് കെൽപ്പുകൈവന്നത്.

അതോടെ ഓരോ പ്രദേശവും വിദ്യാഭ്യാസത്തിൽ പുലർത്തിയിരുന്ന പരമ്പരാഗത ശീലങ്ങളെ പാടെ കൈയൊഴിയുവാൻ നിർബന്ധിതരായി. സ്റ്റേറ്റിന്റെ ഉരുക്കുമുഷ്ടിയോടല്ലാതെ മറ്റൊന്നിനെയും വകവെയ്ക്കാത്ത പൗരന്മാരെയാണ് ഇന്ന് വിദ്യാലയം വളർത്തിയെടുക്കുന്നത്. ഇത്തരം സർവതന്ത്ര സ്വകാര്യവ്യക്തിയുടെ സ്വാതന്ത്ര്യത്തിനു പടർന്നുകയറാൻ പന്തൽ ഇടുന്നതിനാണ് ടോട്ടോചാനെ പോലുള്ള കൃതികൾ ഉപയോഗിക്കുന്നത്. ■

# ഒരു റ്റോമോ സ്കൂൾ അനുഭവം

ട്യൂഷൻ സെന്ററിന്റെ രൂപത്തിൽ സമാന്തര വിദ്യാഭ്യാസ സ്വപ്നങ്ങൾ പരീക്ഷിച്ചുനോക്കുകയും ചില കുഞ്ഞുമനസ്സുകളെയെങ്കിലും വഴിമാറി ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്ത അനുഭവം വിവരിക്കുന്നു

**അബ്ദുള്ളക്കുട്ടി എടവണ്ണ**

**കുട്ടികൾക്കിടയിൽ** നാടകവും പരിസ്ഥിതി പഠനവുമായി സജീവമായ നാളുകളിലാണ് 'ടോട്ടോച്ചാൻ' ഞങ്ങളിലേക്കെത്തുന്നത്. വല്ലാത്ത ഒരഭിനിവേശത്തോടെ അനുഭവിക്കുകയും പങ്കുവെയ്ക്കുകയും വായിപ്പിക്കുകയും ചെയ്തുകൊണ്ട് പുസ്തകത്തെ ഞങ്ങളുടെ സംഘം ഹൃദയത്തിലേറ്റുവാങ്ങി.

അധ്യാപകനായ ശേഷം സ്കൂളിൽ നിന്ന് കുട്ടികളെയുംകൊണ്ട് കുശവക്കോളനിയിലേക്കും പുഴയോരത്തേക്കും മലമുകളിലേക്കും കാടിലേക്കും ഇടയിടെ പോകാറുണ്ടായിരുന്നു. അട്ടപ്പാടിയിലെ 'സാരംഗ്' നടത്തിയ ഒരു വിദ്യാഭ്യാസ ശില്പശാലയിൽ പങ്കെടുത്തതോടെയാണ് ഞങ്ങളുടെ കാഴ്ചപ്പാടുകൾ മാറിയത്. പ്രൈമറി ക്ലാസുകളിൽ ഡി.പി.ഇ.പി വന്ന കാലമായിരുന്നു അത്. സ്കൂളിൽ ഇത് വലിയ തുറസ്സ് തരുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. അധ്യാപകരല്ലാതിരുന്ന ഞങ്ങളുടെ കൂട്ടത്തിലെ മൂൺസ് ചന്ദ്രനും ഹനീഫയുമൊക്കെ ഇടക്ക് പാട്ടുകളുമായി സ്കൂളുകളിലെത്തും. സ്കൂളിലെ ഏറ്റവും പിന്നോക്കക്കാരായ കുട്ടികളെ വച്ച് ചന്ദ്രൻ യുവജനോത്സവത്തിനായി ഒരു നാടകമൊരുക്കി. ഈ കുട്ടികൾ ക്ലാസ് കട്ട് ചെയ്തു ചന്ദ്രന്റെ പരസ്യസ്ഥാപനമായ മുൻപ് ആർട്ട്സിലേക്ക് എത്തും. നാടകത്തോടൊപ്പം ചന്ദ്രൻ അവരെ അക്ഷരങ്ങളും പഠിപ്പിച്ചു.

എടവണ്ണ സർക്കാർ ഹൈസ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥി രജീഷ്കുമാർ അധ്യാപകർ പുറത്താക്കിയതിന്റെ പേരിൽ സ്കൂളിനു മുമ്പിലെ പീടികവരാന്തയിൽ സ്കൂൾ സമയത്ത് തൂങ്ങിമരിച്ച സംഭവമുണ്ടാകുന്നത് അക്കാലത്താണ്. ഞങ്ങളെ ഏറെ മുറിപ്പെടുത്തിയ ആ സംഭവം, എന്നാൽ കുട്ടി പഠിച്ച സ്കൂളിൽ ഒരു ചലനവും സൃഷ്ടിക്കാതെ കടന്നുപോയി. ഞാൻ താൽക്കാലിക അധ്യാപകനായി ഇതേ സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ പ്രവർത്തിക്കുന്ന സമയമാണത്. അവിടെ ഈ ദുരന്തം ചർച്ച ചെയ്യാൻ ഞാൻ ശ്രമിച്ചു. അതെന്നെ ഒറ്റപ്പെടുത്തി. എന്നാൽ